ലേഖനം നമ്പർ - 10

# വിശുദ്ധ കുർബ്ബാന - ലഘുവ്യാഖ്യാനം

## രഹസ്യ ഒരുക്കം ശുശ്രൂഷയും കൂർബ്ബാനയ്ക്കുള്ള ആരംഭവും (പാർട്ട് – 3)

### 3. കുർബ്ബാനാരംഭം :

പരസ്യമായി വിശുദ്ധ കുർബാന ആരംഭിക്കുമ്പോൾ തിരശ്ശീല നീക്കുന്നത് സ്വർഗ്ഗം തുറക്കുന്നതിനെ സൂചിപ്പിക്കുന്നു. മണികൾ അടിക്കുകയും അത്യുച്ചത്തിൽ ഗാനം ആലപിക്കുകയും ചെയ്യുന്നു. ഈ സമയം ത്രോണോസിനെ ക്രിസ്തു ജനിച്ച പുൽക്കൂടായി കാണണം. ഈ സമയത്താണ്

നിൻ മാതാവ് വിശുദ്ധൻമാർ ..........................................................................................................................................

ഗീതം പാടുന്നത്. (ഈ പ്രാർത്ഥന അന്ത്യോക്യായിലെ സേവേറിയോസ് (538 അഉ) എഴുതിയതായി വിശ്വസിക്കപ്പെടുന്നു എങ്കിലും ഒമ്പതാം നൂറ്റാണ്ടു മുതലാണ് ഇതിന്റെ തുടരെയുള്ള ഉപയോഗം കാണുന്നത്.) അവിടെ പിറന്ന അത്ഭുത ശിശുവിനെ വണങ്ങുവാൻ സ്വർഗ്ഗീയ സൈന്യങ്ങളോടൊപ്പം മാലാഖമാർ ഇരുവശത്തും മറുവഹ്സാ കിലുക്കി ആട്ടിടയന്മാരുമൊക്കെ വന്നതിനെ സൂചിപ്പിക്കുവാൻ പട്ടക്കാരൻ പൂർണ്ണ അംശവസ്ത്രധാരിയായി ശുശ്രൂഷകരുമൊത്ത് ധൂപക്കുറ്റി വീശിക്കൊണ്ട് ത്രോണോസിന് പ്രദക്ഷിണം വച്ച് കോണുകൾ മുത്തി ജനത്തിന് ധൂപം വീശുന്നു. കർത്താവിന്റെ ജനനം ഘോഷിപ്പാനാണിത്. പട്ടക്കാരന്റെ മുമ്പിൽ കത്തിച്ച മെഴുകുതിരിയുമായി നടക്കുന്ന ശുശ്രൂഷക്കാരൻ യോഹന്നാൻ സ്നാപകനെ ഓർമിപ്പിക്കുന്നു. ഈ സമയത്ത് ചൊല്ലുന്ന പ്രാർത്ഥന നിന്നെ മാമോദീസ മുക്കിയ യോഹന്നാനും ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കും എന്നായതിനാൽ വിശുദ്ധ കുർബാനയിലെ ഈ സന്ദർഭം കർത്താവിന്റെ മാമോദീസായെ സൂചിപ്പിക്കുന്നു.

പുരോഹിതൻ ധൂപം വീശി വന്ദിച്ച് ധൂപക്കുറ്റി ശുശ്രൂഷകനെ ഏൽപ്പിച്ച് ദർഗായുടെ താഴെ നിൽക്കുന്നു. ശുശ്രൂഷകൻ ധൂപക്കുറ്റി വാങ്ങി വന്ദിച്ച് ഇടതു കൈയ്യിൽ കത്തിച്ച മെഴുകുതിരി പിടിച്ച് അൽപം ഇടതുവശത്തേക്ക് മാറി ത്രോണോസിനു നേരെ ധൂപം വീശി നിൽക്കുന്നു. കർത്താവിന്റെ രണ്ടാം വരവ് കിഴക്കു നിന്നാണെന്നു സഭ വിശ്വസിക്കുന്നു. കിഴക്കു നിന്നു പൊട്ടി വിടരുന്ന മിന്നൽ പിണർ പടിഞ്ഞാറുവരെ പ്രകാശിക്കുന്നത് പോലെയായിരിക്കും മനുഷ്യപുത്രന്റെ വരവ് (മത്താ. 24:27).

അടുത്തതായി പുരോഹിതൻ ദൈവമെ നീ പരിശുദ്ധനാകുന്നു എന്നാരംഭിക്കുകയും തുടർന്ന് ജനങ്ങൾ ബലവാനേ നീ പരിശുദ്ധനാകുന്നു എന്ന് ഏറ്റു ചൊല്ലുകയും ചെയ്യുന്ന സ്തുതി കീർത്തനം മൂന്നു പ്രാവശ്യം ആവർത്തിക്കുന്നു. ദൈവത്തിന്റെ പരിശുദ്ധി പ്രകീർത്തിക്കുന്നതോടൊപ്പം നമ്മുടെ ബലഹീനതയും ഓർമ്മപ്പെടുത്തുവാനാണ് ഈ സ്തുതി കീർത്തനം. ഇതിനെക്കുറിച്ചുള്ള പാരമ്പര്യ വിശ്വാസം ഇപ്രകാരമാണ്. കർത്താവിന്റെ കബറടക്ക സമയത്ത് മാലാഖമാർ ഇറങ്ങി വന്ന് ഒരു കൂട്ടർ ദൈവമെ നീ പരിശുദ്ധനാകുന്നു എന്നു ചൊല്ലിയപ്പോൾ ബലവാനേ നീ പരിശുദ്ധനാകുന്നു എന്ന് ഇനിയൊരു കൂട്ടരും മരണമില്ലാത്തവനെ നീ പരിശുദ്ധനാകുന്നു എന്ന് മറ്റൊരു കൂട്ടരും.സ്തുതി പാടിയപ്പോൾ അരികിലുണ്ടായിരുന്ന അരിമത്യക്കാരൻ യൗസേപ്പും, നിക്കോദീമോസും കൂടെയുണ്ടായിരുന്നവരും ഞങ്ങൾക്കു വേണ്ടി കുരിശിൽ തറയ്ക്കപ്പെട്ടവനേ ഞങ്ങളുടെമേൽ കരുണ ചൊരിയേണമെ എന്ന് പ്രാർത്ഥിക്കുകയും ചെയ്തു.

*(തുടരും...)* ■

*അഭി. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ*
*ഫാ. പി. ഐ. വർഗ്ഗീസ്, ഫാ. കെ. വൈ. ചാക്കോ, ഫാ. ജിജു വർഗ്ഗീസ് എന്നിവർ തയ്യാറാക്കിയത്.*

Editorial Board: P.T. John, K.K. George (94470 40484), Mammen Abraham & Suma Mathew. Design: Cornet, Cochin
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil @yahoo.com For Private Circulation only***
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490**





PARISH News
MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM
VOL : 8 ● ISSUE : 2 FEBRUARY 2014

## എഡിറ്റോറിയൽ

### വിശ്വാസത്തിന്റെ പരിധി

നാറാണത്തുഭ്രാന്തന്റെ കഥയോർക്കുന്നു. അയാളെ അനുഗമിക്കുവാൻ ഒരാളെത്തുന്നു. അയാൾ ചെയ്യുന്നതെന്തും ചെയ്തുകൊണ്ട് അയാളെ അനുഗമിക്കുകയായിരുന്നു ഉദ്ദേശ്യം. പൊരിവെയിലത്തു നടന്നു രണ്ടുപേർക്കും വല്ലാതെ ദാഹിച്ചു. അവർ ഒരു കുടിലിൽ കയറി കുടിക്കാൻ എന്തെങ്കിലും ആവശ്യപ്പെട്ടു. വീട്ടമ്മ നാറാണത്തു ഭ്രാന്തന് കൈക്കുമ്പിളിലേക്ക് സംഭാരം ഒഴിച്ചുകൊടുത്തത് അദ്ദേഹം കുടിക്കുന്നതു കണ്ട സുഹൃത്തും അതുപോലെ തന്നെ ചെയ്തു. അവർ കുറേക്കൂടി നടന്നപ്പോൾ പിന്നെയും ദാഹിക്കുകയും വഴിക്ക് ഒരു കള്ളുചെത്തുകാരനെ കാണുകയും ചെയ്തു. ചെത്തുകാരൻ കൈക്കുമ്പിളിലേക്ക് ഇളം കള്ള് ഒഴിച്ചുകൊടുക്കുകയും നാറാണത്തുഭ്രാന്തൻ അതു കുടിക്കുകയും ചെയ്യുന്നതു കണ്ട് സുഹൃത്തും അതുപോലെ തന്നെ ചെയ്തു. പിന്നെയും ദാഹിച്ചപ്പോൾ നാറാണത്തുഭ്രാന്തൻ ഒരു മൂശാരിയുടെ ആലയിൽ കയറി.
അയാൾ തിളച്ചുമറിയുന്ന ലോഹക്കൂട് മൂശയിലേക്ക് പകരുവാൻ തുടങ്ങുകയായിരുന്നു. മൂശാരി അതെടുത്ത് നാറാണത്തിന്റെ കൈയ്യിലേക്ക് ഒഴിക്കുകയും നാറാണത്ത് അത് വലിച്ചുകുടിക്കുകയും ചെയ്തു. എല്ലാകാര്യങ്ങളിലും നാറാണത്തിനെ അനുഗമിക്കുവാൻ കൂടിയ സുഹൃത്ത് ഇതുകണ്ട് ഓടി രക്ഷപ്പെടുകയാണുണ്ടായത്. നാറാണത്തിനെ വിശ്വസിച്ച് നാറാണത്തിനെ എല്ലാ വിധത്തിലും അനുകരിക്കുവാൻ നിശ്ചയിച്ചുവന്ന സുഹൃത്തിന്റെ "വിശ്വാസം". ദൈവവിശ്വാസമുണ്ടെന്നഭിമാനിക്കുന്ന നമ്മുടെ വിശ്വാസം പലപ്പോഴും ഈ വിധമല്ലേയെന്നു ചിന്തിക്കണം. നമുക്കുവേണ്ടതുപോലെ കാര്യങ്ങൾ നീങ്ങുമ്പോൾ നാം ദൈവവിശ്വാസം അഭിനയിക്കുകയും, നമുക്ക് പ്രതികൂലമായി കാര്യങ്ങൾ നീങ്ങുമ്പോൾ 'വിശ്വാസ'ത്തിൽ നിന്ന് നാം ഓടിരക്ഷപ്പെടുകയും ചെയ്യാറില്ലേ? പരിധിയുള്ള വിശ്വാസവുമായല്ലേ നാം നടക്കുന്നത്?
ഇതിനോടനുബന്ധിച്ച് ഒരു ചെറിയ കഥകൂടിയോർക്കുന്നത് നന്നായിരിക്കും. വെള്ളച്ചാട്ടത്തിനുമീതെ കുറുകെക്കെട്ടിയിരുന്ന ഇരുമ്പുകമ്പിയിൽക്കൂടി നടന്ന് വിഖ്യാതനായ സർക്കസുകാരൻ തന്റെ പ്രകടനം കാണിക്കുകയായിരുന്നു. ആളുകൾ ശ്വാസമടക്കിയിരുന്ന് പ്രകടനം കാണുന്നു. ആൾക്കൂട്ടത്തിൽ നിന്ന് ഒരാൾ സർക്കസുകാരനോട് ഇങ്ങിനെ ചോദിച്ചു : നിങ്ങൾക്ക് ഒരാളെ തോളിലേറ്റി ഇങ്ങിനെ പ്രകടനം നടത്തുവാൻ കഴിവുണ്ടോ? അയാൾ അതിനു കഴിയുമെന്നും ആരെങ്കിലും അയാളുടെ തോളിലിരിക്കാൻ തയ്യാറുണ്ടോ എന്നും ചോദിച്ചു. ചോദ്യകർത്താവുൾപ്പെടെ ആരും അതിനു ധൈര്യം കാണിച്ചില്ല. സമയം പൊയ്ക്കൊണ്ടിരുന്നു. അപ്പോൾ ഒരു കൊച്ചുകുട്ടി ഓടിച്ചെന്ന് സമ്മതം കാണിക്കുകയും, സർക്കസുകാരൻ ആ കുട്ടിയേയും തോളിലേറ്റി തന്റെ കമ്പി അഭ്യാസം വിജയകരമായി കാണിക്കുകയും ചെയ്തു. അഭ്യാസം കഴിഞ്ഞ് തോളിൽ നിന്നിറിങ്ങിയ കുട്ടിയെ എല്ലാവരും അഭിനന്ദിക്കുകയും കുട്ടിക്ക് അതിനുള്ള ധൈര്യം എവിടെനിന്നു കിട്ടി എന്ന് അന്വേഷിക്കുകയും ചെയ്തു. അപ്പോൾ അവർക്കു കിട്ടിയ ഉത്തരം അവരെ അത്ഭുതപ്പെടുത്തി. കുട്ടി പറഞ്ഞു: അത് എന്റെ അച്ഛനായിരുന്നു. അച്ഛന്റെ തോളിലിരുന്ന് എവിടെപ്പോവാനും ഞാനെന്തിന് പേടിക്കണം.
ദൈവവിശ്വാസമുണ്ടെന്നു പറയുന്ന നമുക്കും ഇങ്ങനെയുള്ള ചിന്തയാവണം. നമ്മുടെ പിതാവായ ദൈവത്തിൽ നമുക്ക് വിശ്വാസമുണ്ടെങ്കിൽ നാം ആരെയാണ് പേടിക്കേണ്ടത്? ദൈവവിശ്വാസം മുറുകെപ്പിടിച്ചുകൊണ്ട് മുന്നേറിയാൽ ജീവിതത്തിലുള്ള ഏതു തടസ്സങ്ങളേയും നമുക്കു മറികടക്കാനാവും. ■

## ഇടയ ലേഖനം

### വിത്തുകളെപ്രതി ദൈവമാതാവിന്റെ ഓർമ്മ

**(ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത)**



'വിത്ത്' എപ്പോഴും പാരമ്പര്യത്തിന്റെ കൈമാറ്റോപാധിയും, പുതുജീവന്റെ പ്രതീക്ഷയുമാണ്. പുതിയ മുള പുറപ്പെടുവിക്കുവാൻ മണ്ണിൽ കുഴിച്ചിടപ്പെടുന്ന വിത്ത്, മരിച്ചയാളിന്റെ മൃതദേഹം സംസ്കരിക്കുന്ന സ്ഥിതിയിലാണ്. വിത്ത് ഭൗതിക ചക്ഷുസുകൾക്കു മറയുന്നു. എന്നാൽ അത് ഇല്ലാതായി പോയെന്നോ, അചേതനമാണെന്നോ, ചുരുങ്ങിയ പക്ഷം ഭൂമിയെങ്കിലും സമ്മതിക്കുകയില്ല. വിതയ്ക്കപ്പെടുന്ന വിത്ത് ചീയുന്നില്ലെങ്കിൽ അത് അങ്ങനെതന്നെയിരിക്കും. അതിന് പുതിയ ചെടിയെ മുളപ്പിക്കാനാവില്ല എന്ന് പണ്ഡിതനും, ശാസ്ത്രീയ വീക്ഷണമുള്ള വേദപാരംഗതനുമായ വി. പൗലോസ് എഴുതിയിരിക്കുന്നു. ഒരർത്ഥത്തിൽ വിത്ത് 'മരിക്കുന്നു' എന്നു പറയാം. എന്നാൽ പരിണാമവിധേയമാകുന്ന വിത്ത് അനുകൂലസാഹചര്യങ്ങളിൽ പുതിയ ചെടിക്ക് ജന്മമേകുന്നു. ശരീരത്തിൽ നിന്നു വാങ്ങിപ്പോകുന്നവർ, നമ്മുടെ പരിമിതികളുള്ള ദൃഷ്ടിയിൽ നിന്നു മറയുമ്പോൾ, ഒന്നുമാകാതെ, ഒന്നുമറിയാതെ പോകുന്നു എന്നു പറയുന്നത് യാഥാർത്ഥ്യത്തിൽ നിന്നു എത്ര അകന്നു നിൽക്കുന്നു എന്ന് ഇക്കാര്യത്തിലൂടെയും വെളിവാകുന്നു.
വിത്തുവിതയ്ക്കുന്നത് കാർഷികവൃത്തിയുടെ പ്രഥമപാദമാണ്. അത് പ്രതീക്ഷാനിർഭരമായ തുടക്കം. ആ പ്രതീക്ഷകൾ വിത്തിൽ നിന്നും പുതുനാമ്പുകൾ ഉയരുന്നതിനു നിമിത്തമാകുന്നു എന്ന് ആലങ്കാരികമായെങ്കിലും പറയാനാകും! കാർഷികപ്രാധാന്യം പേറിയിരുന്ന സംസ്കാരങ്ങളിലും സമൂഹങ്ങളിലും വിത്തുവിതയ്ക്കുന്നത് ഏറെ പ്രാധാന്യമുള്ള ഒരു സംഭവം തന്നെയായിരുന്നു. കൊയ്ത്തിനുള്ള ഒരുക്കത്തേക്കാൾ ഗൗരവമേറിയത് 'വിത'യ്ക്കുള്ള നിലമൊരുക്കലായിരുന്നു. ഇത്തരമൊരു ജീവിതഗന്ധിയായ വേള ഈശ്വരാധീനത്തിനുള്ള ആത്മാർത്ഥമായ പ്രാർത്ഥനയോടെ ആരംഭിക്കുന്നത് സ്വാഭാവികമാണ്. പൗരസ്ത്യ പെരുന്നാൾ പാരമ്പര്യത്തിൽ 'വിത്തുവിതയ്ക്കുന്നതും' കൊയ്ത്തിൽ 'കതിർ ശേഖരിക്കുന്നതും' ആഘോഷവേളകളാണ്. ഒന്ന് പ്രതീക്ഷയുടെ തിരുവുത്സവം മറ്റേത് സംതൃപ്തിയുടേയും കൃതജ്ഞതയുടേയും പെരുന്നാൾ. ഇതു രണ്ടിനും രംഗമൊരുക്കുന്നതും സാക്ഷിയാകുന്നതും സർവ്വംസഹയായ ഈ ഭൂമി തന്നെ!
മേൽപ്പറഞ്ഞ രണ്ട് ഉത്സവങ്ങളിലും പ.ദൈവമാതാവാകുന്ന കന്യാമറിയാമിനെ വിളിച്ചു പ്രാർത്ഥിക്കുന്ന രീതി അത്യന്തം മനോഹരവും അർത്ഥപൂർണ്ണവുമാണ്. മനുഷ്യാവതാരം എന്ന "വിത"യെ സ്വീകരിച്ച "ഭൂമി"യാണ് പരിശുദ്ധ അമ്മ. ദൈവപുത്രനെ വിശുദ്ധാത്മാവിനാൽ സ്വഗർഭത്തിൽ ഏറ്റുവാങ്ങി വളർത്തി ലോകത്തിന്റെ പോഷണത്തിന് നൽകിയ വാഴ്ത്തപ്പെട്ട വയലായി ഈ അമ്മ അറിയപ്പെടുന്നു. അതോടൊപ്പം അമ്മയുടെ ആശീർവ്വാദം വാങ്ങിയിട്ടുമാത്രം ഏതു സൽക്കർമ്മത്തിനും തുടക്കമിടുക എന്ന മനോജ്ഞമായ ഒരു രീതിയും ഇതിൽ അടങ്ങിയിരിക്കുന്നു. മാതാവിന്റെ പാദം വണങ്ങിയിട്ട് ആരാധിക്കുന്നു. "പാദപൂജ" പരിചിതമായ ഒരു സംസ്ക്കാരമാണ് ഭാരതത്തിൽ. അമ്മയുടെ സ്നേഹപൂർവ്വമായ ആജ്ഞയ്ക്കപ്പുറം ഒരു വാക്കുമില്ല.
ഈ പശ്ചാത്തലത്തിൽ ഈ തിരുനാളിനു പ്രസക്തിയേറുന്നു. അമ്മയ്ക്ക് അഭിമാനക്ഷതം വരുത്തുന്നതൊന്നും, അനുസരണമുള്ള സന്താനങ്ങൾ ചെയ്യാറില്ല. അമ്മയുടെ ആശീർവാദത്തോടെ ആരംഭിക്കുന്ന സംഗതികൾ അവയുടെ വളർച്ചയിലും കൊയ്ത്തുകാലത്തും ഏറ്റം അഭിമാനവും ആഹ്ലാദവും പകരുന്നത് അമ്മയ്ക്കുതന്നെയാണ്. യേശുതമ്പുരാൻ തന്നെയും അമ്മയുടെ അഭീഷ്ടങ്ങൾ വിലമതിച്ചു നടപ്പാക്കുകയും, താൻ മരിക്കുന്നതിനു മുമ്പ്, അമ്മയുടെ പരിരക്ഷയ്ക്കുവേണ്ട ക്രമീകരണം ചെയ്യുകയും ചെയ്യുന്നതു ഏവർക്കും മാതൃകയല്ലേ? അമ്മയുടെ മനസ്സുനോവിക്കാൻ ഗുരുത്വമുള്ള മക്കൾ തുനിയാറില്ല. തങ്ങളുടെ ചെയ്തികളിലൂടെയാണ് അവർ അതു വെളിവാക്കുന്നത്. കാരണം മക്കൾ എവിടെയായിരുന്നാലും അമ്മയുടെ സ്നേഹവും, കരുതലും, പ്രാർത്ഥനയും എന്നും അവരോടൊപ്പമുണ്ടാകും. അമ്മയ്ക്ക് അങ്ങനെയല്ലാതിരിക്കാനാവില്ല. അമൂല്യവും അമരത്വമുള്ളതുമായ ആ സ്നേഹത്തിൽ കത്തി വയ്ക്കാൻ ആർക്കു കഴിയും?
വിത്തുകൾക്കുവേണ്ടി വി. മാതാവിന്റെ ഓർമ്മ ഇത്തരം ദീപ്തസ്മരണകൾ നമ്മിൽ ഉണർത്തിവിടുന്നു. നമ്മുടെ അഭിലാഷങ്ങളും പ്രയത്നങ്ങളും ദൈവനാമത്തിൽ, മാതൃസന്നിധിയിൽ സമർപ്പിക്കാം. തന്റെ വാത്സല്യപുത്രന്റെയടുത്ത് അപേക്ഷാസ്വാതന്ത്ര്യമുള്ള പരിശുദ്ധ അമ്മ നമ്മുടെ എല്ലാ പ്രവർത്തനങ്ങൾക്കും, തന്റെ മദ്ധ്യസ്ഥതയാൽ ഊർജ്ജവും ഉത്തേജനവും പകരുക തന്നെ ചെയ്യും.
പരിശുദ്ധ ദൈവമാതാവിന്റെ, നിലയ്ക്കാത്ത മദ്ധ്യസ്ഥത നമ്മെ നീതിയിലേക്കും സത്യത്തിലേക്കും നയിക്കട്ടെ ! ■

## വികാരിയുടെ കത്ത്

# ഡൽഹിയിലെ തണുപ്പിൽ അമ്മയും കുഞ്ഞുങ്ങളും

**ഫാ. അലക്സ് പി. ജോർജ്ജ്**



ജസീറയേയും മക്കളേയും മലയാളി മറന്നു തുടങ്ങിയിരിക്കുന്നു. കേരളത്തിലെ മണൽ മാഫിയക്കെതിരെ ഡൽഹിയിൽ സമരം നടത്തുകയാണ് ജസീറ, കൂടെ മൂന്ന് കുഞ്ഞുങ്ങളുമുണ്ട്. സംസ്ഥാന തലസ്ഥാനമായ തിരുവനന്തപുരത്താണ് സമരം തുടങ്ങിയത്, ഭരണാധികാരികൾ ശ്രദ്ധിച്ചില്ല. രാജ്യതലസ്ഥാനത്തും അതുതന്നെയാണ് അവസ്ഥ. ഈ സാധുസ്ത്രീ സമരം ചെയ്ത് എന്ത് നേടാൻ എന്നായിരിക്കാം ഭരണാധികാരികളുടെ ശ്രദ്ധ. വികസനം നടത്തി പ്രകൃതി നശിക്കുന്ന ഈ നാട്ടിൽ ഇതു തെറ്റാണെന്ന് പറയുവാൻ ഒരു വീട്ടമ്മയ്ക്ക് ധൈര്യം വന്നു. സത്യം വിളിച്ചു പറയുവാൻ പദവികൾ ഒന്നും വേണ്ട, മനഃസാക്ഷിയും നട്ടെല്ലുള്ള വ്യക്തിത്വവും മതി.

എന്താണ് ജസീറയുടെ സമരത്തിന്റെ പ്രാധാന്യത? കേരളത്തിലെ നദികൾ വരണ്ട് ഉണങ്ങുകയാണെന്ന് ശാസ്ത്രീയ പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ഇതിന്റെ ഒരു കാരണം അശാസ്ത്രീയമായ മണൽവാരലാണ്. നദിയുടെ കരയോട് ചേർന്നുള്ള ഭാഗത്ത് നിന്ന് മാറി മണൽവാരണമെന്നാണ് ശാസ്ത്രീയമായി പറയുന്നത്. തീരത്തോട് ചേർന്ന് മണൽവാരിയാൽ നദിയുടെ ആഴം കൂടും, തീരം ഇടിയും. ഇതാണ് മണൽവാരൽ മൂലം കേരളത്തിലെ നദികൾക്ക് പിണഞ്ഞിരിക്കുന്ന അപകടം.

ജലാശയങ്ങൾ ഒരു സംസ്കാരമാണ്. നൂറ്റാണ്ടുകൾ സമയമെടുത്താണ് നദികളും പുഴകളും ഉണ്ടാകുന്നത്. ഒരു നദി നശിച്ചാൽ ചുറ്റുപാടുമുള്ള ആവാസവ്യവസ്ഥയും നശിക്കും. ജനങ്ങളെ ബാധിക്കും. ഇതൊന്നും അതിവേഗം വളരുന്ന നമ്മുടെ നാട്ടിൽ ആരും ശ്രദ്ധിക്കുന്നില്ല. വികസനത്തിന്റെ കുത്തൊഴുക്കിൽ നദി നശിച്ചാലെന്ത്? മത്സ്യങ്ങളും ജലജീവികളും ചത്താലെന്ത്?

പണം, മറ്റു സമ്പത്തുകൾ ഇവയൊക്കെ നാം കരുതിവെച്ച് തലമുറകൾക്ക് നൽകുന്നു. പക്ഷെ ഇതിനിടയിൽ ഓർക്കുക, മക്കൾക്ക് ഇതനുഭവിക്കുവാൻ ഈ ഭൂമി വേണ്ടേ? കാൽചവുട്ടി നിൽക്കുവാൻ ഈ മണ്ണും, കുടിക്കുവാൻ ശുദ്ധജലവും, ശ്വസിക്കുവാൻ നല്ല വായുവും വേണ്ടേ? മലിനമല്ലാത്ത പ്രകൃതിക്കു വേണ്ടിയാണ് ജസീറ സമരം നടത്തുന്നത്. മലിനമായ ഭൂമിയിൽ എങ്ങിനെയാണ് നമ്മുടെ തലമുറ ജീവിക്കുന്നത്? നമ്മൾ കൂട്ടിവെച്ച സമ്പത്തിനോടൊപ്പം നല്ല ജീവിതസാഹചര്യവും അവർക്കു നൽകുവാൻ സാധിക്കണം. പ്രകൃതിയും സമ്പത്താണ്. ദൈവം മനുഷ്യന് നൽകിയ സമ്പത്ത്. ഭൗതികസ്വത്തുക്കൾ നഷ്ടപ്പെട്ടാൽ നമുക്ക് വീണ്ടും നേടാം. പ്രകൃതി സമ്പത്ത് നഷ്ടപ്പെട്ടാൽ പുനഃസൃഷ്ടിക്കുക അസാധ്യം. ഒരു മണൽതരിപോലും മനുഷ്യന് നിർമ്മിക്കുവാൻ സാധ്യമല്ല. അത്രയ്ക്ക് അമൂല്യമാണ് ഈ പ്രകൃതി. വിലമതിക്കാനാവാത്ത സമ്പത്തിനുവേണ്ടിയാണ് ജസീറ സമരം ചെയ്യുന്നത്. ഈ സമരത്തിലൂടെ പ്രകൃതിസമ്പത്തിന്റെ കാവൽക്കാരിയായി മാറുകയാണ് ഈ വീട്ടമ്മ.

മണൽമാഫിയയുടെ ആക്രമണത്തിൽ നിയമപാലകർക്ക് പരിക്കേറ്റ വാർത്തകൾ മാധ്യമങ്ങളിൽ വായിക്കാറുണ്ട്. നാം അതു കൃത്യമായി വായിക്കുമെങ്കിലും ആ വാർത്തകളെ ഗൗനിക്കാറില്ല. നാട് നേരിടുന്ന അരാജകത്വ അവസ്ഥയാണിത്. മണൽ ലോറികൾക്ക് തുണ പോകുവാൻ ഗുണ്ടാ സംഘങ്ങളുള്ള നാടാണിത്. ഈ അരാജകസമൂഹത്തിനെതിരെ ഒരു ഭരണാധികാരിയും നടപടിയെടുക്കുന്നില്ല. ഭരണകൂടങ്ങൾ പ്രതികരിക്കാത്തിടത്ത് ജനങ്ങൾ പ്രതികരിച്ച് തുടങ്ങും. ജസീറയുടെ സമരത്തിനെതിരെ പക്ഷെ ആരും പ്രതികരിക്കുന്നില്ല. ഈ നാട്ടിലെ ബുദ്ധിജീവികളും, സാംസ്കാരിക നായകരും പുറം തിരിഞ്ഞ മട്ടാണ്. ഒരു പക്ഷെ ഈ സമരം പരാജയപ്പെട്ടേക്കാം. എന്നാലും അനീതിക്കെതിരെ ഒരു വീട്ടമ്മയ്ക്ക് ഇത്രയെങ്കിലും സാധിച്ചു. നാം എന്തു ചെയ്തു? ■

## കുടുംബ വിശേഷങ്ങൾ

### വിവാഹം



തേവര പുത്തൻ പുരയ്ക്കൽ Sri. Appu Kurianന്റെയും Smt. Annette Kurianന്റെയും മകൾ **Marianne** വും കോയമ്പത്തൂർ Sri. Adrian Sinclaire ന്റെയും Smt. Mary Sinclaire ന്റെയും മകൻ **Conway Sinclaire** ഉം തമ്മിലുള്ള വിവാഹം 23–11–2013 ൽ എറണാകുളം ഇൻഫന്റ് ജീസസ് കത്തീഡ്രലിൽ നടന്നു.



തേവര പുത്തൻപുരയ്ക്കൽ ശ്രീ. ബെന്നി കുര്യന്റെയും ശ്രീമതി റോഷ്നി കുര്യന്റെയും മകൻ **വർഗീസ് കുര്യനും (Vijay)** അതിരമ്പുഴ കാക്കനാട്ട് ശ്രീ. തങ്കച്ചന്റെയും ശ്രീമതി ഗ്രേസിന്റെയും മകൾ **ആൻട്രീസയും (Anna)** തമ്മിലുള്ള വിവാഹം 5–1–2014 ൽ കത്തീഡ്രലിൽ നടന്നു.



എളംകുളം പാലത്തിങ്കൽ ശ്രീ. മാത്യു പി. വർഗീസിന്റെയും ശ്രീമതി ജോളി സൂസൻ വർഗീസിന്റെയും മകൻ **Dr. Rohit Georgie Mathew** വും കൂത്താട്ടുകുളം എടയാർ ചേലപറമ്പത്ത് ഡോ. ബാബു ജോണിന്റെയും ശ്രീമതി സാറാ ബാബുവിന്റെയും മകൾ **Dr. Anna Serene Babu** വും തമ്മിലുള്ള വിവാഹം 5–1–2014 ൽ കത്തീഡ്രലിൽ നടന്നു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

### വിശേഷ ദിവസങ്ങൾ

**ഫെബ്രുവരി**

9. ഞായർ പ്രഥമ വികാരി ജേക്കബ് മുരിക്കലച്ചന്റെ ഓർമ്മ
10. തിങ്കൾ നിനുവാ നോമ്പാരംഭം (മൂന്ന് നോമ്പ്)
12. ബുധൻ വി. കുർബ്ബാന 11.00 am
13. വ്യാഴം വി. കുർബ്ബാന (മൂന്ന് നോമ്പ് വീടൽ)
16. ഞായർ വാങ്ങിപ്പോയ പട്ടക്കാരുടെ ഓർമ്മ
23. ഞായർ സകല വാങ്ങിപ്പോയവരുടെയും ഓർമ്മ

പ. വട്ടശ്ശേരിൽ മാർ ദിവന്ന്യാസ്യോസ് തിരുമേനിയുടെ ഓർമ്മ

**മാർച്ച്**

2. ഞായർ കൊത്നേ (പേത്തുർത്തോ) ഞായർ
3. തിങ്കൾ ശുബ്ക്കോനോ ശുശ്രൂഷ 11.00 am

**വി. കുർബ്ബാനസമയം** **എളംകുളം ചാപ്പൽ :** Feb. 09 - 7.00 a.m., Feb. 16 - 10.30 a.m., Feb. 23 - 7.00 a .m., Mar. 02 - 10.30 a.m.

**സെമിത്തേരിമുക്ക് ചാപ്പൽ :** Feb. 16 - 7.30 a.m., Mar. 02 - 7.30 a.m.

എല്ലാ ശനിയാഴ്ചയും കുർബ്ബാന 6.45 a.m



PARISH NEWS

## ഇടവകപ്പെരുന്നാൾ







ജനുവരി 18, 19 തീയതികളിൽ ഇടവകപ്പെരുന്നാൾ ആചരിച്ചു. അഭി. ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത പെരുന്നാൾ ശുശ്രൂഷകൾക്ക് മുഖ്യ കാർമ്മീകത്വം വഹിച്ചു. ശനിയാഴ്ച സന്ധ്യാ നമസ്കാരത്തിനു ശേഷം ബഹു. സൈമൺ ജോസഫ് അച്ചൻ സുവിശേഷ പ്രസംഗം നടത്തി. തുടർന്ന് പള്ളിക്കു ചുറ്റും പ്രദക്ഷിണമുണ്ടായിരുന്നു. ഞായറാഴ്ച അഭി. തിരുമേനി വി. കുർബ്ബാന അർപ്പിച്ചു. വി. കുർബ്ബാനാനന്തരം നടന്ന പ്രദക്ഷിണം, ധൂപപ്രാർത്ഥന, ആശീർവാദം, നേർച്ചവിളമ്പ് ഇവക്ക് ശേഷം പ്രഭാതഭക്ഷണവും ഉണ്ടായിരുന്നു .

## ഇടവകദിനം













ജനുവരി 19 ാം തീയതി ഞായർ വൈകുന്നേരം ഇടവകദിനവും ആദ്ധ്യാത്മീക സംഘടനാ വാർഷീകവും നടന്നു. നമ്മുടെ ഇടവകാംഗവും കൊച്ചിൻ യൂണിവേഴ്സിറ്റി പ്രൊ. വൈസ്ചാൻസലറുമായ ഡോ. പൗലോസ് ജേക്കബ് മുഖ്യാതിഥിയായിരുന്നു. അദ്ദേഹത്തിന്റെ സ്ഥാനലബ്ധിയിൽ ഇടവകയുടെ പ്രത്യേക അനുമോദനങ്ങൾ അർപ്പിച്ചു. റവ.ഫാ ടി. പി. കുര്യനച്ചൻ മുഖ്യ സന്ദേശം നൽകി. ആദ്ധ്യാത്മീയ സംഘടനാ ഭാരവാഹികൾ (ശ്രീമതി അമ്മിണി മാത്യു, ശ്രീമതി ഷീലാ ഫിലിപ്പ്, ശ്രീ. ഗീവർഗ്ഗീസ് എം. ബാബു, ശ്രീ. സാം) റിപ്പോർട്ട് അവതരിപ്പിക്കുകയും, കത്തീഡ്രൽ, ദീപം സൺഡേസ്കൂൾ കുട്ടികളും, OCYM അംഗങ്ങളും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. ബഹു. അച്ചന്മാർ എല്ലാ കാര്യങ്ങൾക്കും നേതൃത്വം വഹിച്ചു. രാത്രി ഭക്ഷണത്തോടെ പരിപാടികൾ സമാപിക്കുകയും ചെയ്തു.


